# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3143 13.07.2015 ൽ മറുപടിക്ക്

## കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യം കാരണം കാൽനട യാത്ര, സൈക്കിൾ സവാരി എന്നിവ സുരക്ഷിതമല്ലാതായി തീർന്നിരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണവും ട്രാഫിക് തടസ്സങ്ങളും ഒഴിവാക്കുന്നതിന് കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | എങ്കിൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ; | (സി) | ആലോചിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പല പൊതുനിരത്തുകളും നടപ്പാതകളും കാൽനടയാത്രപോലും സാധ്യമാകാത്തവിധം സ്വകാര്യ വ്യാപാര സ്ഥാപനങ്ങളും മറ്റും കൈയ്യേറി പാർക്കിംഗ് ഏരിയ ആയി ഉപയോഗിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുന്നുണ്ട് ; വിശദമാക്കാമോ ? | (ഡി) | കയ്യേറ്റം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എടുത്തുവരുന്നുണ്ട്. ബഹു. ഹൈക്കോടതിയുടെ 2008 സെപ്റ്റംബർ 17 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാതയോരങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ പകൽസമയത്തും രാത്രി സമയങ്ങളിലും നീക്കം ചെയ്യുന്നതിനും, പിഴ ഈടാക്കിയതിനു ശേഷം മാത്രം വിട്ടു കൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ